(ബി) ഇതിന് കേന്ദ്ര ഗവൺമെന്റോ സർവ്വകലാശാലാ ഗ്രാന്റ്സ് കമ്മീഷനോ എന്തെങ്കിലും പ്രത്യേക സഹായധനം നൽകുമോ;

(സി) ഈ സർവ്വകലാശാല എവിടെയാണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) ഇതു സംബന്ധിച്ച് പഠിക്കുവാൻ എന്തെങ്കിലും കമ്മിറ്റിയെയോ, സ്പെഷ്യൽ ഓഫീസറെയോ നിയമിച്ചിട്ടുണ്ടോ;

(ഇ) അവരുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(എഫ്) സംസ്ഥാനത്ത് ഒരു സംസ്കൃത സർവ്വകലാശാല സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാൻ നിയോഗിച്ച ഡോക്ടർ കെ. പി. നാരായണ പിള്ളയുടെ റിപ്പോർട്ട് ഗവൺമെന്റിന് കിട്ടിയിട്ടുണ്ടോ?

(ജി) ഇതിലെ മുഖ്യ ശുപാർശകൾ സഭയുടെ മേശപ്പുറത്തു വയ്ക്കുമോ;

(എച്ച്) ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിനായി എന്തു ചെലവു വന്നിട്ടുണ്ട് എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർവ്വകലാശാല നിലവിൽ വന്നശേഷം കേന്ദ്രസർക്കാരിൽ നിന്നും സർവ്വകലാശാലാ ഗ്രാന്റ്സ് കമ്മീഷനിൽനിന്നും ധനസഹായം പ്രതീക്ഷിക്കുന്നുണ്ട്.

(സി) ശ്രീ ശങ്കരാചാര്യരുടെ ജൻമസ്ഥലമായ എറണാകുളം ജില്ലയിലെ കാലടിയിൽ.

(ഡി) സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്.

(ഇ ആൻഡ് എഫ്) സ്പെഷ്യൽ ഓഫീസറായി നിയമിതനായ ഡോ. പി. കെ. നാരായണ പിള്ളയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ജി) അനുബന്ധമായി കൊടുത്തിരിക്കുന്നു.*

(എച്ച്) 30-6-1986 വരെ 38,075 രൂപ 50 പൈസ ചെലവായിട്ടുണ്ട്.

യൂത്ത് ക്ലബ്

873 [253] ശ്രീ. സി. കെ. ചക്രപാണി:
,, വി. കേശവൻ:
,, സി. ടി. കൃഷ്ണൻ:
,, ഒ. രേതൻ:
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വില്ലേജുകളിൽ ഇപ്പോൾ യൂത്ത് ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്;

*അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

(ബി) യൂത്ത് ക്ലബ്ബ് രൂപീകരണത്തെക്കുറിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) 818.

(ബി) ഉണ്ട്.

(സി) ചില പരാതികളിൻമേൽ അതാത് യൂത്ത് ക്ലബ് ഭാരവാഹികളുടെ തിരഞ്ഞെടുപ്പും മറ്റു ചിലവയിൽ ഭാവി പ്രവർത്തനങ്ങളും സർക്കാർ സ്റ്റേ ചെയ്തിട്ടുണ്ട്. അങ്ങനെയുള്ള പരാതികളിൻമേൽ അന്വേഷണങ്ങൾ നടത്തി വേണ്ട മേൽനടപടികൾ സ്വീകരിച്ചു വരുന്നു. അന്വേഷണത്തിൽ പരാതികൾ അടിസ്ഥാനരഹിതമാണെന്ന് കണ്ട കേസുകളിൽ സർക്കാർ നൽകിയിട്ടുള്ള സ്റ്റേ ഉത്തരവുകൾ നീക്കം ചെയ്ത് പ്രവർത്തനങ്ങൾ തുടരുവാൻ ഗവൺമെന്റ് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

കടൽഭിത്തി കെട്ടുന്നതിനായി നിർദ്ദേശിക്കപ്പെട്ട സ്ഥലങ്ങൾ

874 [254] ഡോ. എ. സുബ്ബറാവു:
ശ്രീ. കെ. പി. പ്രഭാകരൻ:
,, കെ. വി. സുരേന്ദ്രനാഥ്:
,, വി. കെ. രാജൻ:
,, കെ. ടി. കുണാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽഭിത്തി കെട്ടുന്നതിനായി ബഡ്ജറ്റിൽ നിർദ്ദേശിക്കപ്പെട്ട എത്ര സ്ഥലങ്ങൾ ഉണ്ട്;

(ബി) പ്രസ്തുത സ്ഥലങ്ങളിൽ കടൽഭിത്തി കെട്ടുന്നതിനുള്ള കാലതാമസം വിശദീകരിക്കാമോ;

(സി) ബഡ്ജറ് പ്രയോറിട്ടി അനുസരിച്ച് കടൽ ഭിത്തി നിർമ്മാണ ജോലികൾ ചെയ്തുതീർക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കടൽഭിത്തി നിർമ്മിക്കുന്നതിന് താഴെ പറയുന്ന സ്ഥലങ്ങളിലായി ബഡ്ജറിൽ 305 പണികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്ഥലങ്ങളുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പണത്തിന്റെ ലഭ്യത അനുസരിച്ച് വെള്ളപ്പൊക്ക സാങ്കേതിക ഉപദേശക സമിതിയുടെ അംഗീകാരവും ഭരണാനുമതിയും, സാങ്കേതിക അനുമതിയും നേടിയ ശേഷം മാത്രമേ പണി നടത്തുന്നതിന് കഴിയൂ.

(സി) നടപടി സ്വീകരിച്ചുവരുന്നു.

*അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly